# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *184 - 14/07/2016 – ലെ മറുപടിക്ക്

## സാമ്പത്തികസ്ഥിതി പരിരക്ഷിക്കാനുള്ള നടപടി

ചോദ്യം

ഉത്തരം

ശ്രീമതി.വീണാ ജോർജ്
ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീ.ഡി.കെ.മുരളി
ശ്രീ.പി.ടി.എ.റഹീം

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | കഴിഞ്ഞ അഞ്ചുവർഷം സംസ്ഥാനത്ത് നിലനിന്നിരുന്നതായി പറയപ്പെടുന്ന സാമ്പത്തിക അച്ചടക്കമില്ലായ്മ മൂലധന ചെലവിനെ ഏതുതരത്തിൽ ബാധിച്ചുവെന്നും അതിന്റെ പ്രത്യാഘാതമെന്തെന്നും അറിയിക്കാമോ; | *പൊതുചെലവിന്റെ ഗുണനിലവാരത്തിലേക്ക് വെളിച്ചം വീശുന്ന ഘടകം എന്ന നിലയിൽ ബജറ്റിലൂടെയുള്ള സംസ്ഥാനത്തിന്റെ മൂലധന ചെലവിന് അതീവ പ്രാധാന്യമുണ്ട്.*<br><br>*ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും,* Tax-GSDP *വളർച്ച നിരക്കിലുള്ള കുറവു കാരണം റവന്യൂകമ്മി കുറച്ചുകൊണ്ടുവരുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. ഇത് മൂലധനചെലവിന് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനെ ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.*<br><br>*2006-2011 കാലത്ത് മൂലധന ചെലവ് മെച്ചപ്പെട്ടെങ്കിലും അത് തുടർന്നു നിലനിർത്തുവാനായില്ല. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം കേരളത്തിനു ലഭിക്കാതെ പോയതിനുള്ള ഒരു കാരണം ഇതാണ്. മൂലധന ചെലവിനെ നല്ല രീതിയിൽ വിനിയോഗിച്ച സംസ്ഥാനങ്ങളിൽ പലതും അടിസ്ഥാന സൗകര്യ വികസനത്തിനായി അവരുടെ കോർപ്പറേഷനുകൾ വഴി ബജറ്റ് ബാഹ്യ കടമെടുപ്പുകൾ നടത്തിയിട്ടുണ്ട്. പ്രധാനമായും ബജറ്റ് വിഹിതത്തിന്റെ അഭാവം മൂലം അടിസ്ഥാന സൗകര്യവികസനത്തിനായി കേരളത്തിലെ കോർപ്പറേഷനുകൾ (കെ.എസ്.ഇ.ബി., കെ.ഡബ്ള്യൂ.എ., കിൻഫ്ര, കെ.ആർ.എഫ്.ബി. മുതലായവ) വഴി നിക്ഷേപം നടത്തുവാൻ കഴിഞ്ഞില്ല.*<br><br>*മൂലധന ചെലവിനത്തിൽ വർഷാവർഷം സംസ്ഥാനത്തിന് ഭീമമായ കമ്മിയാണ് അനുഭവപ്പെട്ടു വരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റിൽ ഏതാണ്ട് 40-50 ശതമാനം തുകയും മൂലധന പ്രവൃത്തികൾക്കാണ് ചെലവഴിക്കുന്നതെങ്കിലും അത് റവന്യൂ ഗ്രാന്റായാണ് കണക്കിൽപ്പെടുത്തുന്നത്. ഈ തിരുത്തൽ വരുത്തിയാലും അടിസ്ഥാന സൗകര്യത്തിലുള്ള കമ്മി പ്രകടമായിരിക്കും.* |

| | | |
|---|---|---|
| | | *അയൽ സംസ്ഥാനങ്ങളുടെ മൂലധന ചെലവ്/ജി.എസ്.ഡി.പി. അനുപാതത്തിന്റെ ശരാശരി നിരക്കാണ് സംസ്ഥാനം ലക്ഷ്യമിടുന്നതെന്ന് കരുതിയാൽപ്പോലും ജി.എസ്.ഡി.പി. യുടെ 4% മൂലധന പ്രവൃത്തികൾക്കായി കേരളം നിക്ഷേപിക്കേണ്ടിവരും. നടപ്പു വർഷം തന്നെ 24000 കോടി രൂപയുടെ മൂലധന അടങ്കൽ വകയിരുത്തേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. മൂലധന ചെലവിൽ 2006-11-ലെ ഉയർന്ന വളർച്ചാ നിരക്ക് സംസ്ഥാനം തുടർന്നും നിലനിർത്തിയിരുന്നെങ്കിൽ ഇത് സാദ്ധ്യമാകുമായിരുന്നു. എന്നാൽ ഇന്നത്തെ സാമ്പത്തിക നില വച്ചുനോക്കുമ്പോൾ അത് അസാദ്ധ്യമാണ്. വാർഷിക ബജറ്റുകളിലൂടെ ക്രിയാത്മക പരിഹാരമാണ് ഇതിനാവശ്യം.*<br><br>*ധനകാര്യ പ്രതിസന്ധിയുടെ ഒരു പരിണിത ഫലം സംസ്ഥാനത്തെ മൂലധനചെലവിന് കനത്ത തിരിച്ചടി നേരിട്ടു എന്നതാണ്. അത് സൂചിപ്പിക്കുന്നത് മറ്റ് വികസിത സംസ്ഥാനങ്ങളോടൊപ്പമെത്താൻ കേരളത്തിന് കൂടുതൽ കാത്തിരിക്കേണ്ടതുണ്ടെന്നും ഈ പ്രയത്നത്തിന് കൂടുതൽ വിലനൽകേണ്ടിവരുമെന്നുമാണ്. സംസ്ഥാനത്തെ മൂലധന ചെലവിലുണ്ടായ കുറവ് പരിഹരിക്കാൻ യുക്തിസഹവും, ബുദ്ധിപൂർവ്വകവുമായ വഴികൾ കണ്ടെത്തേണ്ടതുണ്ട്.*<br><br>*അടിസ്ഥാന വികസന സൗകര്യ കമ്മി നികത്തുന്നതായിരിക്കണം സർക്കാരിന്റെ ഏറ്റവും നിർണ്ണയകമായ മുൻഗണനാക്രമങ്ങളിൽ ഒന്ന്. ധനസ്ഥിതിയുടെ ഗതി രൂപപ്പെടുത്തുന്നതിന്മേൽ കണ്ടെത്തിയിട്ടുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുക്കുമ്പോൾ ബജറ്റിൽ തന്നെ ഉൾക്കൊള്ളാവുന്ന മൂലധന ചെലവിന് പരിമിതികൾ ഉണ്ട്. അതുകൊണ്ട്, പൊതു അടിസ്ഥാന സൗകര്യങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനങ്ങളും ലോകത്തുടനീളമുള്ള രാജ്യങ്ങളും സ്വീകരിച്ചിട്ടുള്ള നൂതന മാർഗ്ഗങ്ങളാണ് ഇതിനുള്ള പോംവഴി. സംസ്ഥാനത്തിന് അത്യന്തികം ആവശ്യമുള്ള വൻകിട മൂലധന പദ്ധതികൾ പൂർത്തികരിക്കുന്നതിനും ഏറ്റെടുക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ വിവിധ സാമ്പത്തിക അടിസ്ഥാന വികസന സൗകര്യസ്ഥാപനങ്ങളിലൂടെ ബജറ്റിന് പുറമെയുള്ള വിഭവ സമാഹരണം അനിവാര്യമാണ്.* |
| (ബി) | ഭീമമായ റവന്യൂ അന്തരത്തിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | 2011-2016 കാലഘട്ടത്തിൽ ഉയർന്നു വന്ന റവന്യൂ അന്തരത്തിന് കാരണമായത് ചെലവ് നിയന്ത്രണത്തിലും വിഭവ സമാഹരണത്തിലും ഉണ്ടായ പരാജയമാണ്. ചെലവ് നിയന്ത്രിക്കുന്നതിലും സാമ്പത്തിക നടപടികൾ നടപ്പിലാക്കുന്നതിലും യാതൊരു ഊന്നലും നൽകിയില്ല. റവന്യൂ അന്തരത്തിന് കാരണമായ വസ്തുതകൾ ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| | | ➢ ***കാര്യക്ഷമമായ ധനകാര്യ നിർവ്വഹണത്തിന് ആവശ്യമായ നിയന്ത്രണം വേണ്ടിയിരുന്ന മേഖലകളിൽപ്പോലും സർക്കാർ ഒഴിവാക്കാവുന്ന ചെലവുകളിൽ മതിയായ നിയന്ത്രണം ഏർപ്പെടുത്തിയില്ല, പ്രത്യേകിച്ച് 2013-2016 കാലയളവിൽ.***<br><br>➢ ***ആകെ പദ്ധതിയേതര റവന്യൂ ചെലവിൽ ശമ്പളം, പലിശ, പെൻഷൻ എന്നിവ കഴിച്ചുള്ള റവന്യൂ ചെലവുകളുടെ മേൽ ഫലപ്രദമല്ലാത്ത നിയന്ത്രണം***<br><br>➢ ***2011 - 2016 കാലഘട്ടത്തിന്റെ ഭൂരിഭാഗവും വരുമാന ഉൽപാദനതോത് സമ്പദ്ഘടനയുടെ വളർച്ചാ നിരക്കിനെക്കാൾ പിന്നിലായിരുന്നത് നികുതി ശേഖരണ സംവിധാനത്തിന്റെ മോശപ്പെട്ട പ്രകടനം മൂലമാണ്.***<br><br>➢ ***2011-2016 കാലയളവിൽ ഊർജ്ജിത വരുമാന സമാഹരണത്തിനായി സർക്കാരിന്റെ ഭരണനേതൃത്വത്തിൽ നിന്നുമുള്ള പൊതുവായ അച്ചടക്കരഹിതവും നിരുത്സകവുമായ നിർദ്ദേശങ്ങൾ, ഈ അച്ചടക്കമില്ലായ്മ വിവിധ വകുപ്പുകളിലെ നികുതി നിർവ്വഹണ സംവിധാനത്തിൽ ക്രമേണ വ്യാപിച്ചതാകാം ഈ വകുപ്പുകളിലെ നിലവിലുള്ള ഭരണവ്യവസ്ഥയെ നിഷ്പ്രയാസമായി അട്ടിമറിക്കാൻ വഴിയൊരുക്കിയത്.***<br><br>➢ ***ഊർജ്ജിതമായ നികുതി പിരിവിന് ആവശ്യമായ ശാസ്ത്രീയ വസ്തുതാ വിശകലനത്തിന് അടിസ്ഥാനമാകേണ്ട സാങ്കേതിക വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനുള്ള തികഞ്ഞ ഉപേക്ഷ.***<br><br>➢ ***2011 - 2016 കാലയളവിൽ സർക്കാർ പുറപ്പെടുവിച്ച വൻതുകയ്ക്കുള്ള സ്റ്റേകൾ.***<br><br>➢ ***അപ്പീലുകൾ, സ്റ്റേകൾ എന്നിവ തീർപ്പാക്കുന്നതിൽ കാണിച്ച അലംഭാവവും മൃദുസമീപനവും.***<br><br>➢ ***പ്രഖ്യാപിച്ച അധിക വിഭവ സമാഹരണങ്ങൾ കൈവരിക്കാൻ കഴിയാത്തത് വഴി ബജറ്റിനു മേലുണ്ടാകുന്ന സമ്മർദ്ദവും അസന്തുലിതാവസ്ഥയും.*** |

| | | |
|---|---|---|
| | | ➢ ചില വിഭാഗം നികുതിദായകർക്ക് ഇളവുകൾ നൽകുക വഴി ലഭ്യമായിക്കൊണ്ടിരിക്കുന്ന വരുമാനം ത്യജിക്കൽ.<br><br>➢ നിയമാനുസൃത ഉത്തരവുകൾ പുറപ്പെടുവിച്ച് വരുമാനോത്പാദനത്തിന് ഉതകുന്ന മാർഗ്ഗങ്ങൾ നടപ്പാക്കുന്നതിലുള്ള അലിഖിത വൈമുഖ്യം.<br><br>➢ അടിസ്ഥാന വിവരങ്ങൾ വിശകലനം ചെയ്യുന്നതിനും നികുതി പിരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പ്രമുഖ നികുതി സമാഹരണ വകുപ്പുകളിൽ സാങ്കേതിക സഹായം നടപ്പിലാക്കുന്നതിലെ പരാജയം. |
| (സി) | ക്ഷേമ പദ്ധതികളെ ബാധിക്കാത്ത തരത്തിൽ ഇതു പരിഹരിക്കാൻ എങ്ങനെ സാധിക്കുമെന്ന് അറിയിക്കുമോ? | സംസ്ഥാന സമ്പദ്വ്യവസ്ഥയ്ക്ക് ഇപ്പോൾ ഉണ്ടായിട്ടുള്ള പ്രതിസന്ധിയിൽ നിന്ന് കരകയറ്റുന്നതിനുള്ള നടപടികൾ കയർ, മത്സ്യബന്ധനം, കൈത്തറി, വസ്ത്രനിർമ്മാണം, കശുവണ്ടി തുടങ്ങിയ പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് വർദ്ധിച്ച തോതിലുള്ള ആനുകൂല്യങ്ങളും ക്ഷേമപെൻഷനുകളും നൽകുന്ന സർക്കാരിന്റെ പ്രതിജ്ഞാബദ്ധമായ നയത്തിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും രൂപപ്പെടുത്തുന്നത്. സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും സംസ്ഥാനത്തെ കരകയറ്റുവാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>➢ ശമ്പളം, പലിശ, പെൻഷൻ എന്നിവ കഴിച്ചുള്ള പദ്ധതിയേതര ചെലവുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക.<br><br>➢ പ്രധാനപ്പെട്ട വരുമാനദായക വകുപ്പുകളായ വാണിജ്യ നികുതി, മോട്ടോർ വെഹിക്കിൾസ്, രജിസ്ട്രേഷൻ, റവന്യൂ, എക്സൈസ് എന്നിവയുടെ നികുതി പിരിവ് സംവിധാനം ഊർജ്ജിതപ്പെടുത്തുക<br><br>➢ നികുതി സംവിധാനത്തെ സജ്ജമാക്കേണ്ടതും അടുത്ത അഞ്ച് വർഷക്കാലയളവിലേയ്ക്ക് നികുതി പിരിവിന്റെ വാർഷിക വളർച്ചാ നിരക്ക് 20-25% തോതിൽ നിലനിർത്തുന്നത് ഉറപ്പു വരുത്തുക<br><br>➢ നിലവിലുള്ള അടിസ്ഥാന വികസന സ്ഥാപനങ്ങൾക്ക് നിയമപരമായ ചട്ടക്കൂട് നൂതനമായി രൂപപ്പെടുത്തുകയും വൻകിട മൂലധന പദ്ധതികളുടെ നടത്തിപ്പിനായി ബൃഹത്തായ രീതിയിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസിന് രൂപം നൽകുകയും ചെയ്യും.<br><br>➢ കാര്യക്ഷമമായ ഒരു പൊതു വിതരണ സംവിധാനത്തിനായും, ആശുപത്രി |

| | | |
|---|---|---|
| | | കൾ, സ്കൂളുകൾ, കോളേജുകൾ പോലുള്ള പൊതു അടിസ്ഥാന വികസന സൗകര്യങ്ങളുടെ സംരക്ഷണത്തിനായും നിക്ഷേപം നടത്തുക.<br><br>➢ സാമ്പത്തിക ദൃഢീകരണത്തിന്റെ ഫലങ്ങളിലൂടെ മൂലധന ചെലവ് വർദ്ധിപ്പിക്കുക. |

അക്കൗണ്ട്സ് ഓഫീസർ